പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 222 28-10-2026-ൽ മറുപടിയ്ക്ക്

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. ഫൈസൽ ബാബു
ശ്രീ. പി. കെ. നവാസ്
ശ്രീ. ടി. പി. അഷ്റഫലി

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ ഗുണനിലവാര പരിശോധനയ്ക്ക് പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നതിനായി NABL അക്രഡിറ്റേഷനോടുകൂടി ഒരു സ്റ്റേറ്റ് ലാബും, 14 ജില്ലാ ലാബുകളും NABL റെകഗ്നീഷനോടുകൂടി 71 ഉപജില്ലാ ലാബുകളും പ്രവർത്തിച്ചുവരുന്നു. ഈ ലബോറട്ടറികൾ മുഖേന കുടിവെള്ള സാമ്പിളുകളുടെ ഭൗതിക, രാസ, ജൈവ പരിശോധനകൾ ഇന്ത്യൻ സ്റ്റാൻഡേർഡ് (IS 10500) പ്രകാരവും നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചും സ്ഥിരമായി നടത്തിവരുന്നതിന്റെ ഫലമായി ജലഗുണനിലവാര നിരീക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കുടിവെള്ള സ്രോതസ്സുകളിലെയും വിതരണ ശൃംഖലയിലെയും ഗുണനിലവാര വ്യതിയാനങ്ങൾ സമയബന്ധിതമായി കണ്ടെത്തി സുരക്ഷിതമായ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും സാധിക്കുന്നുണ്ട്.

(ബി) ജലവിതരണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മറുപടി: വാട്ടർ അതോറിറ്റി വിതരണം ചെയുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ (TABLE I) അനുസരിച്ച് എല്ലാ മാസവും അതാത് ജില്ലകളിലെ വാട്ടർ അതോറിറ്റി സ്കീമുകൾ വഴി നൽകുന്ന ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം പരിശോധിച്ച് വരുന്നു. പരിശോധിച്ച ജലത്തിൽ അപാകതകൾ കണ്ടെത്തുന്ന പക്ഷം വിതരണ വിഭാഗം പരിഹാര നടപടികൾ സ്വീകരിക്കുകയും തുടർന്ന് ക്വാളിറ്റി കൺട്രോൾ വിഭാഗം പുനഃപരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

Table 1: Scheme Category and Frequency of Monitoring

Category of KWA schemes	Benefitted population	Surveillance / Monitoring conducted by		
		AE	AEE	EE
Category A	Population above 1 lakh	Monthly	Once in 2 months	Once in 3 months
Category B	Population above 50,000 to 1 lakh	Once in 2 months	Once in 4 months	Once in 6 months

Category C	Population above 20,000 to 50,000	Once in 3 months	Once in 6 months	At random and When required
Category D	Population above 5000 to 20,000	Once in 6 months	Yearly	At random and when required
Category E	Population less than 5000	Yearly	At random/as and when required in case of problem	

സെക്ഷൻ ഓഫീസർ